ലോകാനുഗ്രഹത്തിനായി പിറന്ന ഒരു മഹാപുരുഷനാണ് തങ്ങളുടെ മുമ്പിൽ എന്ന് ഓസെലിനെ കണ്ട പത്രപ്രതിനിധികൾക്ക് തോന്നിയില്ലത്രേ. പക്ഷേ, അവനെ തങ്ങളുടെ ആചാര്യനായി ഇപ്പോഴേ അംഗീകരിച്ചവർ വളരെയുണ്ട്—മാതാപിതാക്കളായ തോറസ് ദമ്പതികൾ അടക്കം!

# 61. ജർമനിയിൽ ബുദ്ധമതം

ഒരു ക്രിസ്ത്യൻരാഷ്ട്രം എന്നതാണ് ജർമനിയെപ്പററി പൊതുവെയുള്ള ധാരണ. ജനസംഖ്യയിൽ പകുതിയിലേറെ കത്തോലിക്കരാണെങ്കിലും, പ്രോട്ടസ്റ്റൻറ് വിഭാഗത്തിനാണ് ജർമനിയിൽ സ്വാധീനശക്തി എന്നും നാം കരുതിവരുന്നു.

വ്യവസായരാഷ്ട്രങ്ങളിൽ മതത്തിൻെറ ശക്തി കുറഞ്ഞുവരികയാണ്. അതേസമയം, ആദ്ധ്യാത്മിക താല്പര്യങ്ങളുള്ള ബുദ്ധിജീവികളുടേതായ ഒരു ന്യൂനപക്ഷം എല്ലാ വ്യവസായരാഷ്ട്രങ്ങളിലുമുണ്ട്. പാരമ്പര്യസിദ്ധമായ മതത്തിൻെറ ആചാരങ്ങളും ദർശനങ്ങളും ആധുനിക ജീവിതസാഹചര്യങ്ങളോട് പൊരുത്തപ്പെടുന്നില്ലെന്നു കാണുമ്പോൾ ഈ ബുദ്ധിജീവികൾ മററു രാജ്യങ്ങളിലെയും മററു കാലങ്ങളിലെയും മതങ്ങളും ദർശനപദ്ധതികളും അന്വേഷണവിഷയമാക്കുന്നു. ഇവരിൽ ചിലർ ഇത്തരം മതങ്ങളിലേക്കു സ്വമേധയാ പരിവർത്തനംചെയ്യുന്നു.

ജർമനിയിലെ സ്ഥിതിയും വ്യത്യസ്തമല്ല. ബുദ്ധമതവിശ്വാസികളുടെ ഒരു ചെറുസംഘം ജർമനിയിൽ നിലവിൽവന്നിട്ട് എൺപതു വർഷങ്ങളായി. ജനകീയ ചൈനയുടെ സൈന്യം തിബത്തിൻെറ നിയന്ത്രണം ഏറെറടുത്തപ്പോൾ 1950–കളുടെ അവസാനത്തിൽ ദലായ്ലാമയും അനുയായികളും ഇന്ത്യയിൽ അഭയം പ്രാപിക്കുകയുണ്ടായല്ലോ. ഈ അവസരത്തിൽ വലിയ തോതിൽ തിബത്തൻ അഭയാർത്ഥികൾ യൂറോപ്യൻ രാഷ്ട്രങ്ങളിലും ചെന്നെത്തി. ഇതിൻഫലമായി തിബത്തിൽ പ്രചരിച്ചുവന്ന താന്ത്രികബുദ്ധമതത്തിൽ ലോകവ്യാപകമായ താല്പര്യം ഉളവായി. ഇക്കാലത്തു പടിഞ്ഞാറേ ജർമനിയിൽ പുതിയ പല ബൗദ്ധസംഘങ്ങളും ഉണ്ടാവാൻ തുടങ്ങി.

ബുദ്ധമതവിശ്വാസികളുടെ പല ചെറുസംഘങ്ങളെയും സംയോജിപ്പിച്ചുകൊണ്ട്, 'ജർമൻ ബൗദ്ധസംഘം' (ഡോയ്ററ്ഷെ ബുദ്ധിസ്റ്റിഷേൻ' ഗെസെൽഷാഫ്ററ്–ഡി. ബി. ജി.) എന്ന സൊസൈററി 19̣5–ാമാണ്ടിൽ സ്ഥാപിക്കപ്പെട്ടു. 1958–ൽ ഈ സൊസൈററി 'ജർമൻ ബൗദ്ധയൂണിയൻ' (ഡോയ്ററ്ഷേ ബുദ്ധിസ്റ്റിഷേ യൂണിയൻ— ഡി. ബി. യു.) എന്ന പേരിൽ വിപുലീകരിക്കപ്പെട്ടു. കാൾഷ്മിഡ് എന്ന ഒരു വ്യവസായിയാണ് ഇതിൻെറ തലവൻ. ഇദ്ദേഹത്തിൻെറ ബൗദ്ധനാമം 'അമോഘവജ്രൻ' എന്നാണ്. ഈ രണ്ടു സംഘടനകളിൽനിന്ന് വ്യത്യസ്തമാണ് 'ബുദ്ധമതക്കൂട്ടായ്മ' (ബുദ്ധിഷേ റിലിഗിയോൺ ഗെമൈൻഷാഫ്ട്—ബി. ആർ. ജി.) എന്ന സ്ഥാപനം, എഴുപത്തിരണ്ട് ബൗദ്ധസംഘങ്ങളുടെ പ്രാതിനിധ്യമുള്ളതും 1985–ൽ ഹാംബുർഗ് നഗരത്തിൽ സ്ഥാപിക്കപ്പെട്ടതുമായ ഈ സ്ഥാപനം ബുദ്ധമതവിശ്വാസികളുടെ മതധാരണകൾ വിപുലീകരിക്കുന്നതിനും ആചാരാനുഷ്ഠാനങ്ങൾ ക്രമവൽകരിക്കുന്നതിനുമാണു മുഖ്യമായും ശ്രമിക്കുന്നതു്. ജർമനിയിലെ ക്രൈസ്തവമതസംഘടനകളോടു തുല്യപദവി കൈവരിക്കുന്നതിനായി, ഒരു 'പബ്ലി

ക് കോർപ്പറേഷൻ' എന്ന നിലയിൽ പശ്ചിമജർമൻ ഗവണ്മെൻറിൻെറ അംഗീകാരം നേടുന്നതിന് ഈ സ്ഥാപനം നടത്തിവരുന്ന പരിശ്രമങ്ങൾ ഇനിയും വിജയിച്ചിട്ടില്ല. എങ്കിലും, ഭാവിയിൽ ഈ സ്ഥാപനം പശ്ചിമ ജർമനിയിൽ ശക്തിയാർജിക്കുമെന്നാണു കരുതപ്പെടുന്നത്.

ബുദ്ധമതക്കൂട്ടായ്മ (ബി. ആർ. ജി.)യെ നിയന്ത്രിക്കുന്നത് പടിഞ്ഞാറേ ജർമനിയിലെ എല്ലാ സ്റ്റേററുകളുടെയും പ്രാതിനിധ്യമുള്ളതും പതിനഞ്ച് അംഗങ്ങൾ അടങ്ങിയതുമായ ഒരു 'ബൗദ്ധസംഘം' (ബുദ്ധിസ്റ്റ് കൗൺസിൽ) ആണ്. ഥേരവാദം, സെൻ,.. തിബത്തൻ ലാമായിസം, ജോഡോ, ഷിൻഷു മുതലായ മതവിഭാഗങ്ങളെയും, 'ആര്യമൈത്രേയമണ്ഡലം' പോലെയുള്ള ഭിക്ഷുസംഘങ്ങളേയും ഈ സംഘം പ്രതിനിധാനംചെയ്യുന്നു.

പടിഞ്ഞാറേ ജർമനിയിൽ ഇപ്പോൾ നൂറിലേറെ ബൗദ്ധസംഘങ്ങൾ നിലനിന്നുവരുന്നു. ബുദ്ധഭഗവാൻെറ നിർവാണത്തിനുശേഷം, ഇക്കഴിഞ്ഞ രണ്ടായിരത്തഞ്ഞൂറിലേറെ വർഷങ്ങളിലായി ബുദ്ധമതത്തിനുള്ളിൽ പല വ്യത്യസ്ത ദർശനങ്ങളും പല ആചാരപദ്ധതികളും ഉരുത്തിരിഞ്ഞുവന്നിട്ടുണ്ട്. പാലിയിലുള്ള 'ത്രിപിടക'ങ്ങളെ പരമപ്രമാണമായി കണക്കാക്കുന്നതും സിലോണിലും ബർമയിലും നിലവിലുള്ളതുമായ ഹീനയാനം അഥവാ ഥേരവാദം ആണ് ഇപ്പോൾ ബുദ്ധമതത്തിനകത്തുള്ള ഒരു മുഖ്യധാര. തിബത്തൻ ബുദ്ധമതം മഹായാനസമ്പ്രദായത്തിൽപ്പെട്ടതാണ്; അതു തന്ത്രയാനമെന്നും വജ്രയാനമെന്നും ലാമായിസമെന്നും മററും അറിയപ്പെടുന്നു. ഈ മതത്തിൻെറ ആധാരഗ്രന്ഥങ്ങൾ അധികവും ഇപ്പോൾ തിബത്തൻഭാഷയിലാണുള്ളത്. ചൈനയിലും ജപ്പാനിലും ദക്ഷിണപൂർവേഷ്യയിലും നിലവിലുള്ളവയാണ് സെൻ, ജോഡോ, ഷിൻഷു മുതലായ ബുദ്ധമതവിഭാഗങ്ങൾ. ഈ മതവിഭാഗങ്ങളിൽ മിക്കവയ്ക്കും പടിഞ്ഞാറേ ജർമനിയിൽ അനുയായികളുണ്ട്.

ബുദ്ധമതക്കാർ മതപരിവർത്തനം നടത്തുന്നില്ല. ഹിന്ദുമതത്തിലെന്നപോലെ ബുദ്ധമതത്തിലും, വിശ്വസിക്കുന്നതിനു പ്രാരംഭമായി ജ്ഞാനസ്നാനംപോലെയുള്ള ചടങ്ങുകളൊന്നും പറയപ്പെട്ടിട്ടില്ല. സാധാരണ മതവിശ്വാസികൾ സന്ന്യാസികളായി മാറുമ്പോൾ, മാത്രമേ ഈ മതങ്ങളിൽ വിശേഷച്ചടങ്ങുകളുള്ളൂ.

മതപരിവർത്തനത്തിനു ശ്രമിക്കുന്നില്ലെങ്കിലും, മററു മതക്കാരുമായി സംവാദങ്ങളിലേർപ്പെടാൻ ജർമനിയിലെ ബൗദ്ധർ തല്പരരാണ്. അടുത്തകാലത്തു ഫ്രാങ്ക്ഫുർട്ട് നഗരത്തിൽ നടന്ന പ്രോട്ടസ്റ്റൻറ് പള്ളികളുടെ ഇരുപത്തിരണ്ടാം സമ്മേളനത്തിൽ ഇവർ പങ്കെടുത്തതു പടിഞ്ഞാറേ ജർമനിയിലാകെ ബുദ്ധമതതാല്പര്യം ഉണർത്തുന്നതിനു കാരണമായത്രേ. ബുദ്ധമതക്കൂട്ടായ്മ, ജർമൻ ബൗദ്ധയൂണിയൻ എന്ന രണ്ടു സംഘടനകളും ചേർന്ന് 'ബുദ്ധിസ്റ്റ്കൗൺസിൽ' എന്ന ഒരു കേന്ദ്രസ്ഥാപനം 1987-ാമാണ്ടിൻെറ ആരംഭത്തിൽ മ്യൂണിക്ക് നഗരത്തിൽ നിലവിൽ വരുത്തിയിട്ടുണ്ട്. 'പദ്മദളങ്ങൾ' (ലോട്ടസ് ബ്ളെററർ) എന്ന ഒരു ത്രൈമാസികം ഇവർ പ്രസിദ്ധീകരിക്കുന്നു. ജർമനിയിലാകെ ബുദ്ധമതസന്ദേശം എത്തിക്കാൻ ഈ ത്രൈമാസികം ഉപകരിക്കുമെന്നാണ് പ്രതീക്ഷ. 'ബൗദ്ധയോഗക്ഷേമപ്രവർത്തനം' (ബുദ്ധിസ്റ്റിഷെസ് വോൾഫാർത്സ് വെർക്ക്) എന്ന ഒരു സമൂഹസേവനസ്ഥാപനവും ഇവർ ആരംഭിച്ചിട്ടുണ്ട്.

1984-ൽ ഇററലിയിലെ ടൂറിൻനഗരത്തിൽ 'യൂറോപ്പിലെ ബൗദ്ധസംഘങ്ങളുടെ രണ്ടാം അന്താരാഷ്ട്രീയ സമ്മേളനം' ചേർന്ന് ഒരു പ്രവർത്തനപരിപാടി ആവിഷ്കരിക്കുകയുണ്ടായി. ഏഴ് ഇനങ്ങൾ അടങ്ങിയ ഈ പരിപാടിയിലെ പ്രധാനപ്പെട്ട ഒരു ഇനം മററു മതവിഭാഗങ്ങള

മായി, പ്രത്യേകിച്ചും ക്രിസ്തുമതവിഭാഗങ്ങളുമായി, നിർമാണാത്മകവും പക്ഷപാതരഹിതവുമായ ചർച്ചകൾ തീവ്രമാക്കുകയെന്നതാണ്. വ്യത്യസ്ത മതവിഭാഗങ്ങളുടെ നിലപാടുകളിലുള്ള പരസ്പരഭേദങ്ങളോടൊപ്പം, ഈ വിഭാഗങ്ങൾക്കു പൊതുവിലുള്ള ഘടകങ്ങളിലും ഊന്നണമെന്ന് ഈ പരിപാടിയിൽ പ്രത്യേകം നിർദേശിച്ചിട്ടുണ്ട്.

ജർമൻ ബൗദ്ധയൂണിയന് (ഡി. ബി. യു.) ബാദൻവ്യൂർത്തെം ബെർഗ്സ്റ്റേറ്റിലെ സാംസ്കാരിക മന്ത്രാലയം 1986 ഒക്ടോബറിൽ അയച്ച ഒരു കത്തിൽനിന്നുള്ള താഴെ ചേർത്ത ഉദ്ധാരണം, ബുദ്ധമതം ജർമനിയിൽ പ്രചരിപ്പിക്കുന്നതിനുള്ള ശ്രമങ്ങളെ സർക്കാർ എങ്ങനെയാണു വീക്ഷിക്കുന്നതെന്നു വ്യക്തമാക്കുന്നുണ്ട്. കത്തിൽ പറയുന്നു:

'ഫെഡറൽ ജർമൻ റിപ്പബ്ളിക്കിലെ മതഭൂദൃശ്യത്തിനു സ്വാഗതാർഹമായ ഒരു സംഭാവനയും ഗണനീയമായ ഒരു പരിശ്രമവും എന്ന നിലയിൽ, നിങ്ങളുടെ മത—സംഘത്തിന്റെ സ്ഥാപനത്തെ അടിസ്ഥാനപരമായി ഞങ്ങൾ വിലമതിക്കുന്നു.'

(27 സെപ്റ്റംബർ, 1987)

# 62. ആയുർവേദം ജർമനിയിൽ

ഇന്ത്യയുടെ തനതായ ചികിത്സാസമ്പ്രദായമാണ് ആയുർവേദം. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ആയുർവേദത്തിന് ഇന്ത്യയിൽ ഉണ്ടായതും, ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ അധഃപതനം നമ്മെ അസ്വസ്ഥരാക്കുന്നില്ലെങ്കിൽ, അതിനു കാരണം നമ്മുടെ അന്ധതയല്ലാതെ മറ്റൊന്നുമല്ല. സാർവത്രികമായ വനവിധ്വംസനംമൂലം കസ്തൂരി, വെരുകിൻപുഴ മുതലായ മൃഗജന്യങ്ങളായ ഔഷധങ്ങൾ മാത്രമല്ല, കൂവളത്തിൻ വേര്, കുറുന്തോട്ടിവേര് മുതലായ അതിസാധാരണങ്ങളായിരുന്ന വൃക്ഷ—സസ്യഔഷധങ്ങൾപോലും ദുർലഭ്യങ്ങളായിരിക്കുന്നു. ഇതു് ആയുർവേദ ഔഷധങ്ങളുടെ ഗുണമേന്മയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നു പറയേണ്ടതില്ല.

ഗുണമേന്മ കുറയുംതോറും ആയുർവേദ ഔഷധങ്ങൾക്കു വില ദുർവഹമായി ഏറിവരികയുമാണ്. പണ്ടത്തെമാതിരി, ഒരു ചെലവുംചെയ്യാതെ, വെളിമ്പറമ്പുകളിൽനിന്നു പച്ചമരുന്നുകൾ ശേഖരിച്ചു കഷായംവെച്ചു കുടിച്ചു രോഗശാന്തി നേടാൻ ഇന്ന് ഇന്ത്യയിൽ ആർക്കെങ്കിലും കഴിയുമോ? ദരിദ്രരുടെ കാര്യം പോകട്ടെ, ഇടത്തരക്കാർക്കുപോലും ആയുർവേദ ചികിത്സ അപ്രാപ്യമായിരിക്കുകയല്ലേ? ആയുർവേദ വിദ്യാഭ്യാസത്തിനു നേരിട്ട തകർച്ചയാണെങ്കിൽ അതിദാരുണം എന്നേ പറയാവൂ. നമ്മുടെ ആയുർവേദ കോളേജുകളിൽനിന്ന് ആണ്ടുതോറും ബിരുദം നേടി പുറത്തുവരുന്ന യുവതീയുവാക്കളിൽ എത്ര പേർക്കുണ്ട് ആയുർവേദ ഗ്രന്ഥങ്ങളിൽ അവഗാഹവും ഔഷധപരിചയവും?

ഈ ചുറ്റുപാടിൽ ജർമനിയിൽ നടന്നുവരുന്ന ആയുർവേദ പരീക്ഷണങ്ങളെപ്പറ്റി മ്യൂണിക്കിലെ 'സ്യൂഡ്—ഡോയ്റ്റ്ഷേ ത്സൈതുങ്' എന്ന പത്രത്തിൽ 1987മെയ് 21–ാം തീയതി പ്രസിദ്ധീകരിച്ചിരുന്ന ഒരു ലേഖനം 1987 ജൂൺ 7–ലെ 'ജർമൻ ട്രൈബ്യൂൺ' വാരികയിൽ വിവർത്തനംചെയ്തു ചേർത്തിരുന്നതു വായിച്ചപ്പോൾ എനിക്കു വളരെ സന്തോഷം തോന്നി.

അലോപ്പതി ചികിത്സകൊണ്ടു രക്ഷയില്ലെന്നു കാണുമ്പോൾ യൂറോ